# വാഹനാപകടത്തിൽ മരിച്ച ഡ്രൈവർക്ക് ഇൻഷുറൻസ് കമ്പനി ഒമ്പത് ലക്ഷത്തോളം രൂപ നഷ്ടപരിഹാരം നല്കണം

## ഹിമാചൽപ്രദേശ് ഹൈക്കോടതി

F.A.O. No. 45/2020 Dt. 21.9.2020

ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

x

പ്രേം കുമാർ

സഞ്ജയ്കുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ലോറിയിലെ ഡ്രൈവറായിരുന്നു ധീരജ്കുമാർ. 2014-ൽ ഒരു ദിവസം അയാൾ ഓടിച്ചിരുന്ന ലോറി അപകടത്തിൽപ്പെടുകയും ഡ്രൈവർക്ക് ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു. അയാളെ ആശുപത്രിയിലെത്തിച്ച് ചികിത്സിച്ചെങ്കിലും താമസിയാതെ അയാൾ മരണത്തിന് കീഴടങ്ങി. മരിച്ച തൊഴിലാളിയുടെ മാതാപിതാക്കന്മാർ പത്ത് ലക്ഷം രൂപ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. തൊഴിലുടമയുടെ ഇൻഷുറൻസ് കമ്പനിയുടെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ കമ്മീഷണർ മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് 8,85,480 രൂപ 12% പലിശ സഹിതം ഇൻഷുറൻസ് കമ്പനി നല്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. അപകടത്തിൽപ്പെട്ട ലോറിക്ക് സാധുവായ ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരുന്നില്ലെന്നും ഡ്രൈവർക്ക് സാധുവായ ലൈസൻസ് ഇല്ലായിരുന്നുവെന്നും ഭാരമുള്ള ചരക്കുവാഹനം ഓടിക്കുന്നതിനുള്ള പെർമിറ്റുമില്ലായിരുന്നുവെന്നും മരിച്ചയാൾ ലോറിയുടമയുടെ തൊഴിലാളി അല്ലായിരുന്നുവെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. മരിച്ച തൊഴിലാളിക്ക് പ്രതിമാസം പതിനായിരം രൂപ ശമ്പളം നല്കിയിരുന്നുവെന്നും അയാളുടെ ഡ്രൈവിങ് ലൈസൻസ് സാധുവായിരുന്നുവെന്നും ലോറി യഥാസമയം ഇൻഷുർ ചെയ്തിരുന്നുവെന്നും മറ്റും ലോറിയുടമ മൊഴി നല്കിയിട്ടുണ്ടെന്നും അത് ഇൻഷുറൻസ് കമ്പനി ചോദ്യം ചെയ്തിട്ടില്ലെന്നും മരിച്ച തൊഴിലാളിയുടെ ആശ്രിതർ വാദിച്ചു. ഇൻഷുറൻസ് കമ്പനി തടസ്സവാദങ്ങൾ ഉന്നയിക്കയല്ലാതെ അവയൊന്നും തെളിയിച്ചിട്ടില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. വാദങ്ങൾ ഉന്നയിക്കുന്ന കക്ഷിക്ക് അത് തെളിയിക്കാനുള്ള ബാധ്യതയുണ്ടെന്ന് ഓർമ്മിപ്പിച്ച ഹൈക്കോടതി ഇൻഷുറൻസ് കമ്പനി അവരുടെ വാദങ്ങൾ തെളിയിച്ചിട്ടില്ലെന്ന് വിലയിരുത്തി. മരിച്ച തൊഴിലാളിയുടെ ഡ്രൈവിങ് ലൈസൻസ് സാധുവല്ലായിരുന്നുവെന്ന് തെളിയിക്കപ്പെടാത്തതിനാൽ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവിൽ തെറ്റില്ലെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ തള്ളിക്കളഞ്ഞു.